**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2918** **07.02.2018-ൽ മറുപടിക്ക്**

## റോഡുകളുടെ വശങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പി.ഡബ്ളിയു.ഡി. റോഡുകളുടെ അരികിലായി, യാത്രക്ക് തടസ്സവും അപകടവും സൃഷ്ടിക്കുന്ന തരത്തിൽ, ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് യാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പി.ഡബ്ളിയു.ഡി. റോഡുകളുടെ വശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(സി) ഹൈവേ പ്രൊട്ടക്ഷൻ ആക്ടുപ്രകാരം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) & (സി) 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡിന്റെ പരിപാലകനായ (ഹൈവേ അതോറിറ്റി) എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി സ്ഥാനം നിർണ്ണയിച്ച് അനുമതി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് റോഡുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത്. ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ F.No.RW/NH-33044/29/2015/S&R(R) dated 22/11/2016 സർക്കുലർ പ്രകാരമുള്ള ലൈസൻസ് ഫീസും, പെർഫോർമൻസ് ഗ്യാരന്റിയും ഈടാക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചാൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് അവ നീക്കം ചെയ്യാവുന്നതാണ്. |
| (ഡി) ഹൈമാസ്റ്റ് ലൈറ്റ്, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവയെല്ലാം ഗതാഗത തടസ്സവും അപകടവും ഒഴിവാക്കി സ്ഥാപിക്കുന്നതിന് കൂടുതൽ ശക്തവും വ്യക്തവുമായ വ്യവസ്ഥകൾ രൂപീകരിച്ച് നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ 05/01/2018-ലെ സ.ഉ(സാധാ) നം.30/2018/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ കെ.എസ്.ഇ.ബി പോസ്റ്റുകളും, കേബിളുകളും മറ്റ് യൂട്ടിലിറ്റീസും സ്ഥാപിക്കുന്നതിന് മുമ്പ് അത് |

സംബന്ധിച്ച രൂപരേഖകളും തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ ഒരോ ഇനം റോഡിലും നിശ്ചയിക്കുന്ന റെസ്റ്റോറേഷൻ ചാർജ്ജുകൾ പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കേണ്ടതാണ്. കൂടാതെ റോഡിന്റെ ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി പുറം അതിരിനോട് ചേർന്ന മൺഭാഗത്ത് മാത്രം കേബിളും പോസ്റ്റും സ്ഥാപിക്കേണ്ടതുമാകുന്നു.

സെക്ഷൻ ഓഫീസർ